# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4266 16/12/2014-ൽ മറുപടിക്ക്

### അട്ടപ്പാടിയിലെ ആദിവാസിശിശുമരണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബാബു. എം. പാലിശ്ശേരി : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന പോഷകാഹാരക്കുറവ്, തൊഴിലില്ലായ്മ, പലതരം രോഗാവസ്ഥ എന്നിവ ഇല്ലായ്മ ചെയ്യുന്നതിന് പ്രത്യേക പാക്കേജുകൾ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടും, അതൊന്നും ലക്ഷ്യത്തിലെത്താത്തത് എന്ത്കൊണ്ടാണെന്ന് വിലയിരുത്തലുകൾ നടന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിൽനിന്നും എന്താണ് വ്യക്തമായത്; വിശദമാക്കാമോ; | (എ) | വിലയിരുത്തലുകൾ നടത്തിയിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ചിട്ടുള്ള പ്രത്യേക പദ്ധതികൾ നടപ്പാക്കി തുടങ്ങിയതിലൂടെ ആദിവാസികൾക്കിടയിലുള്ള പോഷകാഹാര കുറവിനും പലതരം രോഗാവസ്ഥക്കും ഒരു പരിധിവരെ പരിഹാരം കാണുന്നതിന് സാധിച്ചിട്ടുണ്ട്. തൊഴിലില്ലായ്മ അടക്കമുള്ള പ്രശ്നങ്ങൾ ദൂരീകരിക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ചു എന്നും അതൊന്നും ലക്ഷ്യത്തിലെത്തിയില്ല എന്നുമുള്ള നിഗമനം തികച്ചും അടിസ്ഥാന രഹിതമാണ്. |
| (ബി) | ആദിവാസി ക്ഷേമപദ്ധതികൾ സമയബന്ധിതമായും ഫലപ്രദമായും ചെയ്ത് തീർക്കുന്ന എന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ? | (ബി) | കേന്ദ്ര സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ചിട്ടുള്ള പ്രത്യേക പദ്ധതികളും നിലവിലുള്ള മറ്റു പട്ടികവർഗ്ഗ ക്ഷേമപദ്ധതികളും സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കുന്നതിന് സർക്കാർ ഇതിനോടകം തന്നെ നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. പ്രത്യേക പദ്ധതികളുടെ നിർവ്വഹണം പ്രത്യേക നോഡൽ ഓഫീസർ മുഖാന്തിരമാണ് നടപ്പിലാക്കി വരുന്നത്. ഈ പദ്ധതികൾ എല്ലാം കുറെക്കൂടി കാര്യക്ഷമമായി ഏകോപിപ്പിച്ച് ശരിയായ രീതിയിൽ നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ ഒറ്റപ്പാലം സബ്കളക്ടറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സേവനം ലഭ്യമായി തുടങ്ങിയിട്ടുണ്ട്. കൂടാതെ മേലിൽ എല്ലാ പദ്ധതികളും മോണിറ്ററിംഗ് ചെയ്യുന്നതിന് ജനപ്രതിനിധികൾ അടങ്ങുന്ന സമിതിക്ക് സർക്കാർ രൂപം നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ